# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 702 — 06.02.2013- ൽ മറുപടിക്ക്

### കൈത്തറി പുനരുദ്ധാരണ പഠന കമ്മിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി പുനരുദ്ധാരണ പഠന കമ്മിറ്റിയെ നിയോഗിച്ചതെന്നാണ്; ഈ കമ്മിറ്റിയുടെ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;ഈ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; | (എ) | കൈത്തറി മേഖലയിലെ വികസനത്തിനായി പഠനം നടത്തി റിപ്പോർട്ടു ചെയ്യുന്നതിന് 25.08.2008 ൽ ജി.ഒ.(ആർ.ടി) നമ്പർ 1112/08/ഐ.ഡി പ്രകാരം സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. 2010 ൽ റിപ്പോർട്ട് സർക്കാരിനുസമർപ്പിച്ചു. കമ്മിറ്റിയുടെ ശുപാർശകൾ പ്രധാനമായി 5 ഘടകങ്ങളായാണ് തരംതിരിച്ചിരിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു.<br>(1) സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കുക.<br>(2)അടിസ്ഥാന വികസനമേഖലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.<br>(3) ഉല്പാദന വിപണന മേഖലയിൽ മാറ്റം വരുത്തുക<br>(4)ഭരണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച്<br>(5) അന്വേഷണ നടപടികളിലെ പോരായ്മകൾ പരിഹരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് |

| | | | |
|---|---|---|---|
| (ബി) | ഈ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പഠന കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ പലതും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി മേഖലയുടെ കടബാധ്യത പരിഹരിക്കണമെന്ന നിർദ്ദേശം, റിബേറ്റ് കുടിശ്ശികയില്ലാതെ നൽകണമെന്ന ശുപാർശയും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. കൂടിൽ മാതൃകാ സംഘങ്ങളിലെ നെയ്ത്തുകാർക്ക് അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്ന പദ്ധതി, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായംചെയ്യുന്ന പദ്ധതി, മികച്ച നെയ്ത്തുകാർക്ക് അധികവരുമാനം ലഭിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. ഹാൻടെക്സിനെയും ഹാൻവീവിനെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി, സംഘങ്ങൾക്കു ഹാങ്ക് യാൺ/നൂൽ സബ്സിഡി നൽകുക, കൂടാതെ കേന്ദ്ര ഗവൺമെന്റ് 10% പ്രൈസ് സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കൈത്തറി ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി കൈത്തറി ക്ലസ്റ്ററുകളിൽ ഡിസൈനറെ നിയമിച്ചു, കൂടാതെ ഐ.ഐ.എച്ച്. റ്റി കണ്ണൂരിന്റെ സഹായത്തോടെ വൈവിധ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. വിപണനത്തെ സഹായിക്കുന്നതിനായി, റിബേറ്റിനു പുറമേ ഉത്സവസീസണുകളിൽ എക്സിബിഷനും ബൈയർ സെല്ലർ മീറ്റും സംഘടിപ്പിക്കുന്നുണ്ട്. അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ